Sub

3/11

കേരള സർക്കാർ

നം. 62675/ഡി.സി1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി : 24/09/2014

## സർക്കുലർ

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് - ദേശീയ ശുചിത്വ കാമ്പയിൻ- സംസ്ഥാന ശുചിത്വ മാസം 2014 - ഒക്ടോബർ 2 മുതൽ നവംബർ 1 വരെ - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - സംബന്ധിച്ച്

സൂചന:- 1. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 17.09.2014 ലെ നം.W-11037/1/2014/എൻ.ബി.എ കത്ത്.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.09.2014 ലെ നം. 2412/എ/2014/എസ്.എം. നമ്പർ കത്ത്

സൂചന 1 പ്രകാരം മഹാത്മഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 2019 ഒക്ടോബർ 2 ഓടുകൂടി രാജ്യം ശുചിത്വ ഭാരതമാക്കി മാറ്റുന്ന പ്രവർത്തനം ആരംഭിച്ചിരിക്കുകയാണെന്നും ദേശീയ ശുചിത്വ കാമ്പയിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ നേതൃത്വത്തിലും ഒരു മാസം നീണ്ടു നിൽക്കുന്ന ശുചിത്വ കാമ്പയിൻ നടത്തണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് ശുചിത്വ മാസം 2014 ആചരിക്കു ന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന രണ്ടു പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ ആരോഗ്യം, ശുചിത്വം മേഖലകളിൽ സംസ്ഥാനം നാളിതുവരെ നേടിയ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുക, എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കുക, മാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പൊതുജന പങ്കാളിത്തത്തോടെ പരിഹരിക്കുക എന്നീ ലക്ഷ്യത്തോടെ ഗാന്ധിജയന്തി ദിനമായ 2014 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ശുചിത്വമാസമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ആചരിക്കേണ്ടതാണ്. ഇതിലേക്കുള്ള പ്രഖ്യാപനവും മുന്നൊരുക്കങ്ങളും 2014 സെപ്തംബർ 25 മുതൽ ഒക്ടോബർ 1 വരെ നടത്തേണ്ടതുമാണ്.

**സംസ്ഥാന ശുചിത്വ മാസം - 2014 ന്റെ പ്രധാന പ്രമേയങ്ങൾ ചുവടെ നൽകുന്നു**

1. എല്ലാ കുടുംബങ്ങളിലും പൊതു സ്ഥാപനങ്ങളിലും ശുചിത്വ സൗകര്യങ്ങൾ സ്ഥായിയായി ലഭ്യമാക്കികൊണ്ട് ഉയർന്ന ജീവിത ഗുണമേന്മ ഉറപ്പാക്കുക.
2. മാലിന്യം പ്രഭവസ്ഥാനത്തു തന്നെ തരം തിരിക്കുക. ജൈവമാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിച്ച് കമ്പോസ്റ്റോ ബയോഗ്യാസോ ആക്കി മാറ്റുക.
3. വീടുകളിലും ഇതര സ്ഥാപനങ്ങളിലും കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവ പച്ചക്കറി ഉത്പാദിപ്പിക്കുക.

Endt: No D2/33166/2014 തീയതി 1-10-2014



സർക്കുലറിൽ [illegible]

#0944 P.003
30/09 2014 16:03

4. അജൈവ മാലിന്യങ്ങളായ പേപ്പർ, പ്ളാസ്റ്റിക്, കുപ്പിച്ചില്ല്, ലോഹങ്ങൾ, ഹാർഡ്ബോർഡ്, ഇ-മാലിന്യങ്ങൾ തുടങ്ങിയവ വെവ്വേറെ ഓരോ വീട്ടിലും ശേഖരിച്ച് സൂക്ഷിക്കുക. ഇവ പുനഃചംക്രമണം നടത്തുന്നതിനായി സ്ക്രാപ് ഡീലേഴ്സിന് കൈമാറുകയോ വില്ക്കുകയോ ചെയ്യുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അജൈവമാലിന്യപരിപാലന റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുക.
5. 40 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ളാസ്റ്റിക് കിറ്റുകളും കവറുകളും നിരസിക്കുക. 40 മൈക്രോണിൽ കൂടുതൽ കനമുള്ള പ്ളാസ്റ്റിക് കവറുകളുടെ ഉപയോഗം കുറയ്ക്കുക. പകരം പേപ്പർ, ചണം തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിക്കുന്ന സഞ്ചികളും, കവറുകളും പ്രചരിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.
6. പൊതു സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ഓഫീസുകൾ, ആതുരാലയങ്ങൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്ളാസ്റ്റിക് വിമുക്തമാക്കുക.
7. കൃത്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ പൊതു സമൂഹത്തിന്റെ പിന്തുണയും സഹകരണവും ശുചിത്വം, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.

മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ എല്ലാ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ല-ബ്ളോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ടതാണ്.

**ശുചിത്വമാസാചരണ പ്രവർത്തനങ്ങൾ**

| | |
|---|---|
| സെപ്തംബർ 25 മുതൽ ഒക്ടോബർ 1 വരെ | "സംസ്ഥാന ശുചിത്വ മാസം 2014" പ്രഖ്യാപനങ്ങളും മുന്നൊരുക്കങ്ങളും |
| ഒക്ടോബർ2 മുതൽ 5 വരെ | **പ്രാരംഭ പരിപാടികൾ**<br>ശുചിത്വമാസാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 2 ന് സംസ്ഥാന, ജില്ലാതല ഉദ്ഘാടനങ്ങളും തുടർന്ന് നിയോജക മണ്ഡലം, തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഉദ്ഘാടനങ്ങളും സംഘടിപ്പിക്കണം. വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പൊതു ജനങ്ങളിൽ മാലിന്യം തരം തിരിക്കുന്നതിന് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുകൂല മനോഭാവം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ സ്വീകരിക്കണം.<br>➢ ശുചിത്വ മാസാചരണം ഉദ്ഘാടന പരിപാടികൾ<br>➢ ശുചിത്വ പ്രതിജ്ഞ<br>➢ പ്ളാസ്റ്റിക് സംഭരണവും നീക്കം ചെയ്യലും<br>➢ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, പൊതു |

| | |
|---|---|
| | സ്ഥലങ്ങളിൽ ലീഫ്‌ലെറ്റ് വിതരണവും ജനങ്ങളോട് സംവദിക്കലും<br>➢ കൂട്ടയോട്ടം/മാരത്തോൺ<br>➢ സ്ക്രാപ്പ് ഡീലർമാരുടെ പഞ്ചായത്ത്/നഗരസഭാ തല യോഗം<br>➢ ഗൃഹ സന്ദർശനങ്ങൾ<br>➢ പ്രശ്നങ്ങൾ കണ്ടെത്തി പഞ്ചായത്ത് / നഗര സഭയ്ക്ക് റിപ്പോർട്ട് ചെയ്യൽ |
| ഒക്ടോബർ 6 മുതൽ 11 വരെ | **സ്കൂൾ /കോളേജ് തല പരിപാടികൾ**<br>സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും, കോളേജുകളിലും (സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് ) എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട്, എൻ.ജി.സി, എസ്.പി.സി. എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ കൂട്ടായ ശുചിത്വ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br>➢ ശുചിത്വബോധവത്കരണ പരിപാടികൾ<br>➢ സ്കൂൾ/കോളജുകളിൽ ജൈവമാലിന്യം കമ്പോസ്റ്റാക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ<br>➢ സ്കൂളുകൾ കേന്ദ്രീകരിച്ച് അജൈവ മാലിന്യങ്ങൾ സംഭരിക്കലും പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറലും<br>➢ മൂത്രപ്പുര/കക്കൂസ് വൃത്തിയായി സൂക്ഷിക്കുന്നതിനും സ്ഥിരമായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ<br>➢ വൃത്തിയുള്ള ക്ളാസ്സു മുറികൾ ചലഞ്ച് മത്സരം<br>➢ കാമ്പസ് പച്ചക്കറി തോട്ടം, പൂന്തോട്ടം നിർമാണം<br>➢ കുട്ടികളുടെ ഗൃഹസന്ദർശനവും ശുചിത്വം വിലയിരുത്തലും<br>➢ കോളേജ് തല ഡിബേറ്റുകൾ<br>➢ പ്ളാസ്റ്റിക് രഹിത വിദ്യാലയം<br>➢ വൃത്തിയുള്ള സ്കൂൾ പാചകപ്പുര<br>➢ ശുചിത്വം, മാലിന്യ സംസ്കരണം എന്നീ വിഷയത്തെ അടിസ്ഥാനപ്പെടുത്തി കുട്ടികൾ തയ്യാറാക്കുന്ന വീഡിയോ മത്സരം<br>➢ കൂട്ടയോട്ടം /മാരത്തോൺ |

| | |
|---|---|
| | ➤ സ്വാപ് മേളകൾ<br>➤ പോസ്റ്റർ/കാർട്ടൂൺ രചനാ മത്സരവും പ്രദർശനവും |
| ഒക്ടോബർ 12 മുതൽ 19 വരെ | **കുടുംബശ്രീ /തൊഴിലുറപ്പ് പദ്ധതി പരിപാടികൾ**<br>ഈ കാലയളവിൽ സംസ്ഥാനത്തെ കുടുംബശ്രീ സംവിധാന മാകെ പൊതു ജനങ്ങളിൽ ശുചിത്വം, മാലിന്യ സംസ്കരണ ത്തിൽ നല്ല ശീലങ്ങളും മനോഭാവവും ഉണ്ടാകുന്നതിനു വേണ്ടി ഓരോ കുടുംബാംഗത്തെയും നേരിൽ കണ്ട് സംസാരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>➤ പ്രത്യേക സി.ഡി.എസ് ജനറൽ ബോഡി യോഗം<br>➤ എല്ലാ അയൽകൂട്ടങ്ങളുടെ പ്രത്യേക യോഗങ്ങ ളിലും ശുചിത്വവും മാലിന്യ സംസ്കരണ രംഗത്തെ ചുമതലകളും സംബന്ധിച്ച കുറിപ്പ് വായിച്ച് ചർച്ച ഉണ്ടാക്കുന്നതിന് ഉതകും വിധം ഓരോ കുടും ബാംഗത്തെയും നേരിൽ കണ്ട് സംസാരിക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം.<br>➤ അയൽകൂട്ടതല പ്രതിജ്ഞ<br>➤ തൊഴിലുറപ്പ് വർക്ക് സൈറ്റിൽ പ്രതിജ്ഞ<br>➤ ഗൃഹസന്ദർശനം, ലീഫ്ലെറ്റ് വിതരണവും കുടും ബാംഗങ്ങളുമായി ചർച്ചയും<br>➤ ബാലസഭാ യോഗങ്ങൾ - കുട്ടികൾക്ക് ശുചിത്വ വിഷയത്തിൽ പാട്ട്, കളി, ക്വിസ്, തുടങ്ങിയ മത്സരങ്ങൾ<br>➤ ശുചിത്വ ഗാനങ്ങൾ പാടി കുട്ടികളുടെ സായാഹ്ന പദ യാത്രകൾ<br>➤ റോഡുകൾ, വഴികൾ, പൊതു സ്ഥലങ്ങൾ - ദത്തെടുക്കലും വൃത്തിയായി സൂക്ഷിക്കലും<br>➤ ശുചിത്വ കലാമേളകൾ<br>➤ "എന്റെ വീട് വൃത്തിയുള്ള വീട്" ചലഞ്ച്<br>➤ "പ്ലാസ്റ്റിക് സഞ്ചിയിൽ നിന്നും തുണി സഞ്ചിയിലേക്ക്" തുണി, ചണം സഞ്ചികളുടെ വിതരണം<br>➤ വനിതകൾ തയ്യാറാക്കുന്ന കൈയെഴുത്ത് പോസ്റ്ററുകൾ എല്ലാ വാർഡിലും പ്രദർശനം<br>➤ ഗ്രാമവും നഗരവും വൃത്തിയായി സൂക്ഷിക്കുന്ന |

| | |
|---|---|
| | തിനുള്ള സാമൂഹിക ആസ്ഥികളുടെ നിർമാണം. ശുചീകരണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ |
| ഒക്ടോബർ 20 മുതൽ 25 വരെ | **അങ്കണവാടി പരിപാടികൾ**<br><br>എല്ലാ അങ്കണവാടികളും ശുചിത്വം മാലിന്യ സംസ്കരണം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കണം. ആശാവർക്കർമാരും, ഹെൽത്ത് ഇൻസ്പെക്ടർമാരും നേതൃത്വം നൽകണം.<br><br>➢ അങ്കണവാടിതലത്തിൽ "തേൻതുള്ളി" എന്ന പുസ്തക ത്തിലെ മാലിന്യ സംസ്കരണ സംബന്ധിയായ പാഠത്തെ അടിസ്ഥാനപ്പെടുത്തി വർക്കർ കുട്ടികളുമായി ചർച്ച<br>➢ ശുചിത്വ സന്ദേശങ്ങൾ ചിത്രീകരണം നടത്തി പ്രദർശി പ്പിക്കൽ<br>➢ അമ്മമാരുടെ യോഗവും ചർച്ചാ ക്ലാസ്സും<br>➢ കുട്ടികളുടെ കലാപരിപാടികൾ<br>➢ അങ്കണവാടിയ്ക്കു ചുറ്റുമുള്ള വീടുകളിൽ വർക്കർ/ഹെൽപ്പർ സന്ദർശനം. ശുചിത്വ പ്രശ്നങ്ങൾ കണ്ടെത്തൽ, റിപ്പോർട്ടിങ്ങ്<br>➢ അങ്കണവാടി അങ്കണം, കക്കൂസ് എന്നിവ വൃത്തിയാക്കൽ, അറ്റകുറ്റപണികൾ<br>➢ കക്കൂസില്ലാത്ത അങ്കണവാടികളിൽ കക്കൂസ് പണിതു ലഭിക്കുവാൻ നടപടികൾ |
| ഒക്ടോബർ 26 മുതൽ നവംബർ 1 വരെ | **പൊതു പരിപാടികൾ**<br>**സ്വാപ് മേളകൾ** :- പ്രാഥമിക ഉപഭോക്താവ് ഉപയോഗിച്ച ശേഷം അവർ ഒഴിവാക്കുന്നതും എന്നാൽ വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്നതുമായ സാധനങ്ങൾ (തുണി, ഫർണിച്ചർ, ഇലക്ട്രോണിക് സാധനങ്ങൾ തുടങ്ങിയവ) രണ്ടാം ഉപയോഗത്തിനായി അവ ആവശ്യമുള്ളവർക്കും അതുപോലെ ആതുര സംഘടനകൾക്കും കൈമാറുന്നതിനുള്ള മേളകൾ.<br><br>ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കുടുംബശ്രീ, സ്കൂൾ അധ്യാപകരും കുട്ടികളും, റോട്ടറി, ലയൺസ്, ജെ.സി.ഐ. തുടങ്ങിയ സംഘടനകളുടെ പിന്തുണയോടെ നടപ്പാക്കാം. ആതുരാലയങ്ങളെ ഈ പ്രവർത്തനത്തിൽ കണ്ണികളാ |



30/09 2014 16:04 #0944 P.007

| | |
|---|---|
| | ക്കണം. ഈ മേള ജില്ല/ബ്ലോക്ക്/തദ്ദേശ സ്വയം ഭരണ തലങ്ങളിൽ നടപ്പിലാക്കാവുന്നതാണ്.<br>➢ ഒക്ടോബർ 26 റെസിഡന്റ് വെൽഫെയർ അസോസിയേഷൻ (RWA) ശുചിത്വ ദിനാചരണം : RWA ജനറൽ ബോഡി യോഗം, ചർച്ചാക്ലാസ്സുകൾ, കുട്ടികളുടെ മത്സരങ്ങൾ<br>➢ ഓരോ വീട്ടിലും ജൈവ മാലിന്യം സ്വയം കമ്പോസ്റ്റു ചെയ്യുന്നതിനുള്ള പ്രോത്സാഹനം<br>➢ അജൈവമാലിന്യം തരം തിരിക്കൽ, സംഭരണം, പാഴ് വസ്തു വ്യാപാരി മുഖേന വിപണന നടപടി തീരുമാനം, പൊതു സംഭരണ കേന്ദ്രങ്ങൾ നിശ്ചയിക്കൽ<br>➢ അജൈവ മാലിന്യങ്ങൾ സ്ക്രാപ്പ് ഡീലർമാർക്ക് കൈമാറലും സ്ഥിരം സംവിധാനം ഉറപ്പാക്കലും |
| ഒക്ടോബർ 27 | **സർക്കാർ/സർക്കാരിതര ഓഫീസ്, ആശുപത്രി തല ശുചിത്വ പരിപാടികൾ :** എല്ലാ സർക്കാർ ഓഫീസുകളിലും സർക്കാരിതര ഓഫീസുകളിലും മാലിന്യം തരം തിരിച്ച് ശേഖരിക്കൽ സംസ്കരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുക. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് നിർദ്ദേശിക്കുക. എല്ലാ സർക്കാർ ആശുപത്രികളിലും ശുചീകരണ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ.<br>➢ ശുചിത്വ പ്രതിജ്ഞ<br>➢ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് നോട്ടീസ്<br>➢ തുണി സഞ്ചി വിതരണം (സ്പോൺസർഷിപ്പ്)<br>➢ ഗ്രാമ പഞ്ചായത്ത്/നഗരസഭകളിൽ ഹോട്ടൽ, മർച്ചന്റ് അസോസിയേഷൻ മീറ്റിങ്ങ്<br>  ➢ ജൈവമാലിന്യം,അഴുക്കുവെള്ള സംസ്കരണം സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്താൻ തീരുമാനം<br>  ➢ 40 മൈക്രോണിൽ കുറച്ചുള്ള പ്ലാസ്റ്റിക് വിൽക്കില്ലായെന്ന തീരുമാനം<br>  ➢ 40 മൈക്രോണിൽ കൂടുതൽ കട്ടിയുള്ള പ്ലാസ്റ്റിക് കിറ്റുകൾക്ക് മിനിമം 5 രൂപ വില നിശ്ചയിച്ച് ഈടാക്കാൻ തീരുമാനം |



30/09 2014 16:04 #0944 P.008

| | |
|---|---|
| | ➢ തുണി സഞ്ചികൾ കൊണ്ടു വരുവാൻ ഉപഭോക്താക്കളോട് നിർദ്ദേശിക്കുന്ന പോസ്റ്റർ/ ബോർഡ്/ കടകളിൽ സ്വയം സ്ഥാപിക്കൽ |
| ഒക്ടോബർ 28 | ശുചിത്വ മേളകൾ<br>➢ കെട്ടിട നിർമ്മാണ മേഖയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ/സംഘടനകളുടെ നേതൃത്വത്തിലുള്ള ശുചിത്വ മാലിന്യ സംസ്കരണ മേളകൾ<br>➢ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പഞ്ചായത്ത്/നഗരസഭാ തലത്തിലുള്ള മേളകൾ |
| ഒക്ടോബർ 29 | സാംസ്കാരിക ദിനം<br>➢ ജില്ലാതലം മുതൽ ഗ്രാമ പഞ്ചായത്ത്/നഗര സഭാ തലം വരെ സാഹിത്യ സാംസ്കാരിക . നായകർ, സിനിമാ നാടകം, സംഗീതം, കലാ കായിക പ്രതിഭകൾ, ശാസ്ത്രജ്ഞർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക പരിപാടി കൾ, സെലബ്രിറ്റി ഷോകൾ & ചലഞ്ചിങ്ങ് |
| ഒക്ടോബർ 30 | സീനിയർ സിറ്റിസൺ ഫോറം/പെൻഷൻ സംഘടനകളുടെ പഞ്ചായത്ത്/നഗരസഭാ തല യോഗങ്ങൾ<br>➢ ഡോക്ടർമാർ പങ്കെടുക്കുന്ന ക്ലാസ്സുകൾ<br>➢ പൊതു പ്രശ്നങ്ങളുടെ അവലോകനം<br>➢ പഞ്ചായത്ത്/നഗര സഭയ്ക്ക് നിവേദനം |
| ഒക്ടോബർ 31 | ➢ കുട്ടികളുടെ മൊബൈൽ വീഡിയോ മത്സരം : ജില്ലതലം |
| നവംബർ 1 | സമാപന പരിപാടികൾ<br>➢ വൈവിധ്യമാർന്ന സമാപന പരിപാടികൾ ഓരോ തലത്തിലും നടത്താവുന്നതാണ്<br>➢ നഗരസഭ/ഗ്രാമ പഞ്ചായത്ത് പ്ലാസ്റ്റിക് കിറ്റുകൾക്കുള്ള കുറഞ്ഞ വില (അഞ്ചു രൂപയിൽ കുറയാതെ) നിശ്ചയിച്ച് പ്രഖ്യാപനം നടത്തുന്നു. |

ശുചിത്വ മാസാചരണത്തിന്റെ അവസാനത്തോടെ ഓരോ നഗരസഭ/ഗ്രാമ പഞ്ചായത്ത് തലങ്ങളിലും വരും നാളുകളിൽ മാലിന്യ സംസ്കരണ രംഗത്ത് സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ച ധാരണകൾ ഉണ്ടാക്കുവാൻ കഴിയണം.

2014 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്താകെ നടത്തുന്ന ശുചിത്വ മാസാചരണ പ്രവർത്തനങ്ങൾ പ്രാദേശിക സാധ്യതകൾ കൂടി പരിഗണിച്ച് വേണ്ട കൂട്ടി ചേർക്കലുകളോടെ സംഘടിപ്പിച്ച് വിജയിപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട



30/09 2014 16:05 #0944 P.009

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും. ഇതര സ്ഥാപന മധാവികളും ഉദ്യോഗസ്ഥരും എടുക്കേണ്ടതാണ്. ജില്ലയിലെ പ്രവർത്തനങ്ങളെയാകെ ജില്ലാകളക്ടർ ജില്ലാ ശുചിത്വ മിഷൻ മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്നതിലേക്ക് വിവിധ മാധ്യമങ്ങൾ വഴി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്താവു ന്നതാണ്. സംസ്ഥാന തലത്തിൽ പത്ര പരസ്യം. റെയിൽവേ ജിംഗിൾസ്. ബൾക്ക് എസ്.എം.എസ്. ജില്ലാ, ബ്ളോക്ക്, നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ പോസ്റ്റർ, പ്രാദേശിക ടി.വി. ചാനലുകളിൽ സ്ക്രോളിങ്ങ്, ബോർഡുകളും ബാനറുകളും (തുണി ഉപയോഗിച്ച് മാത്രം) കലാപരിപാടികൾ, നാടൻ കലാരൂപങ്ങൾ എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളും ഏറ്റെടുക്കാം. പ്രവർത്തനങ്ങളാകെ സംഘടിപ്പിക്കുന്നതിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഉപയോഗിക്കാവുന്നതാണ്. തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ഇക്കാര്യത്തിലേക്ക് ചെലവാക്കാവുന്ന പരമാവധി തുക ഇപ്രകാരമായിരിക്കും. ഗ്രാമ പഞ്ചായത്ത് രൂപ 10,000/-, ബ്ളോക്ക് പഞ്ചായത്ത് രൂപ 20,000/-, ജില്ലാ പഞ്ചായത്ത് രൂപ 30,000/-, മുനിസിപ്പാലിറ്റി രൂപ 30,000/-, കോർപ്പറേഷൻ രൂപ 75,000/- ഗ്രാമ പ്രദേശങ്ങളിൽ ശുചിത്വമാസാചരണവുമായി ബന്ധപ്പെട്ടു നടത്തുന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നിർമ്മൽ ഭാരത് അഭിയാന്റെ ഭാഗമായ -ഐ.ഇ.സി. ഘടകത്തിൽ നിന്നും യഥാവിധി ചെലവുകൾ വരുത്താവുന്നതുമാണ്.

ശുചിത്വമാസവുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങൾ ജില്ലാ ശുചിത്വ മിഷൻ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുകയും രേഖകളുടെ ഒരു കോപ്പി സംസ്ഥാന ശുചിത്വ മിഷനിൽ നൽകേണ്ടതുമാണ്. ഓരോ തലത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ പത്ര മാധ്യമത്തിലൂടെയും, ടി.വി., റേഡിയോ ചാനലുകളിലൂടെയും പ്രചാരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

സംസ്ഥാനത്ത് ഏറ്റവും -നന്നായി ശുചിത്വ മാസം 2014 പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ഓരോ തലത്തിലുള്ള പഞ്ചായത്തിനും നഗര സഭയ്ക്കും ജില്ലാ തലത്തിൽ സമ്മാനവും സർക്കാർ സമ്മാനവും ക്യാഷ് അവാർഡും നൽകുന്നതാണ്. ഇതിലേക്ക് പഞ്ചായത്തുകളും നഗരസഭകളും സ്വന്തം നിലയിൽ തങ്ങളുടെ ശുചിത്വമാസാചരണ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റ് തയ്യാറാക്കി ( ഹാർഡ് & സോഫ്റ്റ് കോപ്പി) ജില്ലാ കളക്ടർക്ക് നവംബർ 14 നകം സമർപ്പിക്കേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

11/11

5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8. സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
14. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17. ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
19. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
20. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
22. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
23. എല്ലാ ജില്ലാ കളക്ടർമാർക്കും
24. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം
25. ഡയറക്ടർ, കൃഷി
26. മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
27. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
28. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
29. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
30. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
31. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
32. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
33. എല്ലാ ജില്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർമാർക്കും
34. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
35. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
36. ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
37. സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
38. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
39. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
40. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
41. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് (ഗ്രാമ വികസനം) സെക്രട്ടറിയുടെ പി.എ. യ്ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) സെക്രട്ടറിയുടെ പി.എ. യ്ക്ക്
7. കൃഷിവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

Endt: No D2/33166/2014 തീയതി 1-10-2014

[illegible]